**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **3240**

14.03.2018 ൽ
മറുപടിയ്ക്ക്

## നെയ്യാറ്റിൻകര പോലീസ് ക്വാർട്ടേഴ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ആൻസലൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര പോലീസ് ക്യാമ്പിൽ പുതിയതായി ഫ്ലാറ്റ് മാതൃകയിൽ പണിത കെട്ടിടം ഉദ്ഘാടനം കഴിഞ്ഞത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇതിന് ചെലവായ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) നെയ്യാറ്റിൻകരയിൽ ഫ്ളാറ്റ് മാതൃകയിൽ പണിത കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. MoPF 2010-11 സ്കീമിൽ ഉൾപ്പെടുത്തി പണിത ടി കെട്ടിടത്തിന് ചെലവായ അടങ്കൽ തുക 1,65,29,212/- രൂപയാണ്. |
| (ബി) ഫ്ലാറ്റ് മാതൃകയിൽ പണിത കെട്ടിടത്തിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയും എന്ന് അറിയിക്കുമോ; ഈ ഫ്ലാറ്റ് ആവശ്യപ്പെട്ട് കൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) 12 കുടുംബങ്ങൾക്കാണ്. ഫ്ലാറ്റ് മാതൃകയിൽ പണിത ടി കെട്ടിടത്തിൽ താമസിക്കുവാൻ കഴിയുന്നത്. ഫ്ലാറ്റ് ആവശ്യപ്പെട്ടുകൊണ്ട് 32 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) ഉദ്ഘാടനം കഴിഞ്ഞിട്ടും 2018 ഫെബ്രുവരി 28 -വരെയും പ്രസ്തുത കെട്ടിടം തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; എങ്കിൽ കെട്ടിടം തുറന്നു നൽകാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) ടി കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. മുമ്പുണ്ടായിരുന്ന ക്വാർട്ടേഴ്സിന്റെ വൈദ്യുതി കുടിശ്ശികയിനത്തിലുള്ള 8,89,334/- രൂപ കെ.എസ്.ഇ.ബി-യ്ക്ക് നൽകുവാനുള്ള-തിനാൽ പുതുതായി പണിത പോലീസ് ക്വാർട്ടേഴ്സിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി ആവശ്യപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | ബഹു.നെയ്യാറ്റിൻകര എം.എൽ.എ 03.01.2018 ന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി പണികഴിപ്പിച്ച പോലീസ് ക്വാർട്ടേഴ്സിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ ക്വാർട്ടേഴ്സുകളിലെ കറണ്ട് ചാർജ്ജ് കുടിശ്ശിക അന്നത്തെ താമസക്കാരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ വേണ്ട നിർദ്ദേശം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നൽകിയിട്ടുണ്ട്. |
| (ഇ) | ക്വാർട്ടേഴ്സ് കെട്ടിടം തുറക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നെയ്യാറ്റിൻകര എം.എൽ.എ. 3/01/2018 -ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ